"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - മഞ്ചേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - അബ്ദുറഹിമാൻ കീരിയാടന്റെ മകൻ ശ്രീ.അജ്മൽ.കെ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ - അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.298/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/12/2021

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. ശ്രീ.അജ്മൽ.കെ സമർപ്പിച്ച 10.07.2019 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 04.11.2020 തീയതിയിലെ ഇ4- 3154/2020 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
5. മലപ്പുറം ജില്ലാ കളക്ടറുടെ 13.110.2021 തീയതിയിലെ DCMPM/2237/2021 -A2 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് മഞ്ചേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 20.01.2019 തീയതിയിൽ മരണപ്പെട്ട അബ്ദുറഹിമാൻ കീരിയാടന്റെ മകൻ ശ്രീ.അജ്മൽ.കെ (കിരിയാടൻ ഹൗസ്, മുള്ളമ്പാറ , മഞ്ചേരി പി.ഒ, മലപ്പുറം, 676121) അപേക്ഷ സമർപ്പിച്ചിരുന്നു. അബ്ദുറഹിമാൻ കീരിയാടന്റെ സേവനകാലം 10 വർഷവും 02 മാസവും 11 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 02.05.1963 , 10.11.2008 ആണ്. നഗരകാര്യ ഡയറക്ടറും മലപ്പുറം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷകൻ എസ്.എസ്.എൽ.സി വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തീയതി 17.12.1989 എന്നതുമാണ്. ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ(10.07.2019) ടിയാൻ സമർപ്പിച്ചിട്ടുണ്ട്.. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് മഞ്ചേരി നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.അജ്മൽ.കെ-യ്ക്ക് ജോലി നൽകുന്നതിന് എതിർപ്പില്ലായെന്ന് പരേതന്റെ മറ്റ് അവകാശികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ വിവാഹിതനാണ്. ശ്രീ. ശ്രീ.അജ്മൽ.കെ-യുടെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന്(നാൽപ്പത്തെണ്ണായിരം രൂപ മാത്രം) മഞ്ചേരി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ പരേതനെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നതെന്ന് ഏറനാട് തഹസിൽദാർ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മഞ്ചേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 20.01.2019 തീയതിയിൽ മരണപ്പെട്ട അബ്ദുറഹിമാൻ കീരിയാടന്റെ മകൻ ശ്രീ.അജ്മൽ.കെ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം , മലപ്പുറം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ , ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ ടി ആശ്രിത നിയമനം അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി / അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ , മലപ്പുറം.
സെക്രട്ടറി, മഞ്ചേരി നഗരസഭ
ശ്രീ.അജ്മൽ.കെ , കിരിയാടൻ ഹൗസ്, മുള്ളമ്പാറ , മഞ്ചേരി പി.ഒ, മലപ്പുറം, 676121
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/148/2020-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ